**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 31.01.2022

## <u>**സർക്കുലർ**</u>

വിഷയം:- ഭരണകാര്യം: കോവിഡ് 19 വൈറസ് വ്യാപനം - മൂന്നാം തരംഗം - സർവ്വകലാശാലയിലെ എല്ലാ യോഗങ്ങളും ഓൺലൈനായി സംഘടിപ്പിക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 28.01.2022 തീയതിയിലെ വി.സി.702/2/019/ 2022 നമ്പർ കുറിപ്പ്.

കോവിഡ് 19 വൈറസ് വ്യാപനത്തിൻറെ മൂന്നാം തരംഗത്തിൻറെ സാഹചര്യത്തിൽ സർവ്വകലാശാലയിലെ ഔദ്യോഗിക യോഗങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടു കൂടി നടപ്പിൽവരുത്തിക്കൊള്ളുന്നു.

1. സർവ്വകലാശാലയിലെ എല്ലാ ഔദ്യോഗിക യോഗങ്ങളും ഓൺലൈനായി മാത്രം നടത്തേണ്ടതാണ്.
2. ഇത്തരത്തിൽ ഓൺലൈൻ യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ യോഗങ്ങളിൽ പങ്കെടുക്കുന്നവർ / ജീവനക്കാർ സർവ്വകലാശാലയുടെ കോൺഫറൻസ് ഹാളുകളിൽ നിന്നും യോഗത്തിൽ പങ്കെടുക്കേണ്ടതില്ല. ഒമിക്രോൺ വ്യാപന സാധ്യത മുൻനിർത്തി ഇത്തരം യോഗങ്ങളിൽ പങ്കെടുക്കുന്നവർ അവരവരുടെ സെക്ഷനുകളിൽ / ജോലി സ്ഥലത്ത് നിന്നും മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതാണ്.
3. ഓൺലൈൻ മീറ്റിംഗുകൾക്കാവശ്യമായ ക്രമീകരണം ബന്ധപ്പെട്ട സെക്ഷനുകളുടെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും.
4. കൂടാതെ, സർവ്വകലാശാലയിൽ നിന്നും ഓൺലൈൻ മീറ്റിംഗുകൾക്കാവശ്യമായ ലിങ്ക് നൽകുന്ന സാഹചര്യത്തിൽ, ഓൺലൈൻ മീറ്റിംഗുകൾക്കനുയോജ്യമായ പ്ലാറ്റ്ഫോമുകൾ ഐ.റ്റി സെല്ലിനു നിശ്ചയിക്കാവുന്നതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/IT Cell
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #75 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2022 03:00 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം